**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.10.2011-ൽ മറുപടിക്ക്**

**ചോദ്യം നം. 2938**

# ആനക്കയം ഗവേഷണ കേന്ദ്രത്തിൽ അക്കാഡമിക് സെന്റർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാർഷിക സർവ്വകലാശാലയ്ക്കു കീഴിൽ ആനക്കയം ഗവേഷണ കേന്ദ്രത്തിൽ അക്കാദമിക് സെന്റർ അല്ലെങ്കിൽ പഠന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; | എ) & ബി) | അക്കാഡമിക് സെന്റർ/പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല. എന്നാൽ ഈ ഗവേഷണ കേന്ദ്രത്തിൽ 2 ദ്വിവൽസര ഡിപ്ലോമ കോഴ്സുകൾ (1. ഡിപ്ലോമ ഇൻ ഹോർട്ടികൾച്ചർ 2. പി.ജി. ഡിപ്ലോമ ഇൻ ഹൈ-ടെക് ഹോർട്ടികൾച്ചർ ആന്റ് നഴ്സറി മാനേജ്മെന്റ്) തുടങ്ങുന്നതിനുവേണ്ടി 25.7.2011ന് കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ കൂടിയ Brainstorming Session on Educational Programmes in KAU ൽ തീരുമാനമായിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും അതിന്റെ അഡ്മിഷൻ നടപടിക്രമങ്ങളും വിശദീകരിക്കാമോ; | | ടി കോഴ്സുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ എടുക്കുന്നതാണ്. |
| സി) ഈ ഗവേഷണ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | സി) | കശുമാവ് ഗവേഷണ കേന്ദ്രമായിരുന്ന ഈ സ്ഥാപനത്തെ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പദവിയിലേക്ക് ഉയർത്തിയിട്ടുണ്ട്. ആയത് വിപുലീകരിക്കുന്നതിനായി താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങളുടേയും ജീവനക്കാരുടേയും ആവശ്യകതയുണ്ട്.<br>(i) അടിസ്ഥാനസൗകര്യങ്ങൾ<br>സ്റ്റാഫ് ക്വാർട്ടേഴ്സുകൾ-4, പ്രൊഫസറുടെ ക്വാർട്ടേഴ്സ്-1, ഗസ്റ്റ് ഹൗസ്, ഫാം ഓഫീസ്, കാന്റീൻ, കോൺഫറൻസ് ഹാൾ, അക്കാഡമിക് ബ്ലോക്ക്, ലബോറട്ടറി. |

(ii) ആവശ്യമായ ജീവനക്കാർ

| ക്രമ നമ്പർ | വിഭാഗം | ഇപ്പോഴുള്ള ജീവനക്കാർ | ആവശ്യമുള്ള ജീവനക്കാർ |
|---|---|---|---|
| 1 | ഗവേഷകർ | 1 | 7 |
| 2 | ഫാം/ടെക്നിക്കൽ | 3 | 7 |
| 3 | ഓഫീസ് | 3 | 7 |

ഡി) ഇതിനായി കൂടുതൽ ഫണ്ട് വകയിരുത്തുമോ?

ഡി) ഇതിനായി ഐ.സി.എ.ആർ-ൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ഫണ്ട് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ